98 (1139) കാരാണ്മ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 1998 ജൂലൈയിൽ അനുവദിച്ച ഡി.എ. യുടെ ആനുകൂല്യം കാരാണ്മ ജീവനക്കാർക്കും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഒ.പി. 2916/95, ഒ.പി. 6784/96 എന്നീ കേസുകളിലെ കോടതിവിധിയുടെ വെളിച്ചത്തിൽ അന്തിമതീരുമാനം എടുക്കുന്നതുവരെ കാരാണ്മ സർവീസ് സംവിധാനം നിലനിർത്തിയ സാഹചര്യത്തിൽ അവകാശികൾക്ക് നിയമനം നൽകാൻ ദേവസ്വംബോർഡിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)&(ബി) കാരാണ്മ ജീവനക്കാരുടെ നിയമനങ്ങളും സേവന-വേതന വ്യവസ്ഥകളും മറ്റും സംബന്ധിച്ച് ബഹു. കേരളാ ഹൈക്കോടതിയിലെ കേസ്സുകളിന്മേലുള്ള വിധിയുടെ അടിസ്ഥാനത്തിൽ ഈ സംഗതികളിന്മേൽ അന്തിമതീരുമാനം എടുക്കുന്നതിനുള്ള സത്വര നടപടികൾ നടന്നുവരികയാണെന്ന് തിരുവിതാംകൂർ ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

99 (1140) ദേവസ്വംബോർഡ് പ്രസിഡന്റിന്റെ വിദേശപര്യടനം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വംബോർഡ് പ്രസിഡന്റ് വിദേശ പര്യടനം നടത്തുന്നതിന് സർക്കാർ അനുമതി വാങ്ങിയിരുന്നുവോ;

(ബി) എങ്കിൽ ഏതെല്ലാം രാജ്യങ്ങൾ സന്ദർശിക്കാൻ അനുമതി നൽകിയെന്നു വ്യക്തമാക്കുമോ;

(സി) ഹിന്ദു ധർമ്മസ്ഥാപന നിയമം അനുസരിച്ച് രാജ്യം വിട്ടുപോകുന്നതിനു മുൻപ് തിരുവിതാംകൂർ ദേവസ്വംബോർഡ് പ്രസിഡന്റ് സർക്കാരിന്റെ അനുവാദം വാങ്ങേണ്ടതുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ അനുമതി ആവശ്യമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) അനുവാദം ആവശ്യമില്ല.

100 (1141) പബ്ലിക് സർവീസ് കമ്മീഷന്റെ വ്യാജസർട്ടിഫിക്കറ്റ്

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പബ്ലിക് സർവീസ് കമ്മീഷന്റെ വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി തിരുവിതാംകൂർ ദേവസ്വംബോർഡിൽ ഉദ്യോഗസ്ഥന്മാർ പ്രൊമോഷൻ നേടിയിട്ടുണ്ടോ;

(ബി) എങ്കിൽ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്കെതിരെ എന്തു നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പബ്ലിക് സർവീസ് കമ്മീഷന്റെ വ്യാജസർട്ടിഫിക്കറ്റ് ഹാജരാക്കി തിരുവിതാംകൂർ ദേവസ്വംബോർഡിൽ ചില ഉദ്യോഗസ്ഥന്മാർ അനർഹമായി പ്രൊമോഷൻ നേടിയിട്ടുള്ളതായി ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) 1. ശ്രീ. പി.ഡി. സുകുമാരൻനായർ, അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ശബരിമല ദേവസ്വം.

2. ശ്രീ. എസ്. അനന്തകൃഷ്ണൻപോറ്റി, അസിസ്റ്റന്റ് ആഡിറ്റാഫീസർ, ഇന്റേണൽ ആഡിറ്റാഫീസ്.

3. ശ്രീ. സി.പി. ഗണേശൻനായർ, സബ്ഗ്രൂപ്പാഫീസർ, പരിമണം ദേവസ്വം, കൊല്ലം ഗ്രൂപ്പ്.

4. ശ്രീ. ആർ. വിജയൻപിള്ള, സബ്ഗ്രൂപ്പാഫീസർ, പാണ്ഡവർകാവ് ദേവസ്വം, മാവേലിക്കര ഗ്രൂപ്പ്.

5. ശ്രീ. എൻ. നാരായണപിള്ള, സബ്ഗ്രൂപ്പാഫീസർ, ലക്ഷ്മിനട ദേവസ്വം, കൊല്ലം ഗ്രൂപ്പ്.

6. ശ്രീ. കെ. ചന്ദ്രശേഖരപിള്ള, സബ്ഗ്രൂപ്പാഫീസർ, മുഖത്തല ദേവസ്വം, കൊല്ലം ഗ്രൂപ്പ്.

7. ശ്രീ. എൻ. മോഹനചന്ദ്രൻപിള്ള, സബ്ഗ്രൂപ്പാഫീസർ, തിരുച്ചിറ്റൂർ, ദേവസ്വം, കൊല്ലം ഗ്രൂപ്പ്.

8. ശ്രീ. ആർ. മോഹൻകുമാർ, സബ്ഗ്രൂപ്പാഫീസർ, ഉപരികുന്നം ദേവസ്വം, കൊല്ലം ഗ്രൂപ്പ്.

9. ശ്രീ. എസ്. ചന്ദ്രബാബു, സബ്ഗ്രൂപ്പാഫീസർ, കൊല്ലം ഗ്രൂപ്പ്.

10. ശ്രീ. ജി. ഗോപാലകൃഷ്ണൻനായർ, സബ്ഗ്രൂപ്പാഫീസർ, ളാലം ദേവസ്വം, ഏറ്റുമാനൂർ ഗ്രൂപ്പ്.

11. ശ്രീ. ജെ. റാവു ജയചന്ദ്രൻ, സബ്ഗ്രൂപ്പാഫീസർ, തിരുവല്ലം ദേവസ്വം, തിരുവനന്തപുരം ഗ്രൂപ്പ്.

12. ശ്രീ. ജി. നന്ദകുമാർ, സബ്ഗ്രൂപ്പാഫീസർ, കണ്ണൻകുളങ്ങര ദേവസ്വം, പറവൂർ ഗ്രൂപ്പ്.

13. ശ്രീ. കെ. ബിജു, സബ്ഗ്രൂപ്പാഫീസർ, അയ്മനം ദേവസ്വം, കോട്ടയം ഗ്രൂപ്പ്.

14. ശ്രീ. കെ. രാജൻ, സബ്ഗ്രൂപ്പാഫീസർ, പാക്കിൽ ദേവസ്വം, കോട്ടയം ഗ്രൂപ്പ്.

15. ശ്രീ. ആർ. മോഹനൻ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, പറവൂർ ഗ്രൂപ്പ്.

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. ഡി. ശ്രീകുമാർ, സബ്ഗ്രൂപ്പാഫീസർ, കീഴാറ്റിങ്ങൽ ദേവസ്വം, വർക്കല ഗ്രൂപ്പ്.

17. ശ്രീ. കെ. വേണുഗോപാലപിള്ള, സബ്ഗ്രൂപ്പാഫീസർ, കുമരഞ്ചിറ ദേവസ്വം, കരുനാഗപ്പള്ളി ഗ്രൂപ്പ്.

18. ശ്രീ. പി.കെ. മോഹൻകുമാർ, അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, പമ്പ ദേവസ്വം.

19. ശ്രീ. പി. ജയറാം പരമേശ്വരൻ, അക്കൗണ്ടന്റ്, ചെട്ടിക്കുളങ്ങര ദേവസ്വം, മാവേലിക്കര ഗ്രൂപ്പ്.

(സി) 19 ജീവനക്കാരെയും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തെന്നും ദേവസ്വംബോർഡ് എൻക്വയറി കമ്മീഷണർ വിശദമായ അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെന്നും തിരുവിതാംകൂർ ദേവസ്വംബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ 9 ജീവനക്കാർ (ക്രമനമ്പർ 1,2,3,4,7,10,13,15,17) അനർഹമായി വ്യാജ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നേടിയതായി തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ, അനർഹമായി പ്രൊമോഷൻ നേടിയതുമൂലം വാങ്ങിയിട്ടുള്ള സാമ്പത്തിക ആനുകൂല്യം തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ, സസ്പെൻഷൻ കാലയളവ് അവകാശ അവധിയായി പരിഗണിച്ചും, അവർ ജോലി ചെയ്തിരുന്ന തസ്തികയ്ക്ക് തൊട്ടുതാഴെയുള്ള തസ്തികയിൽ ഏറ്റവും ജൂനിയർ മോസ്റ്റാക്കിയും സർവീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജീവനക്കാരിൽ 8 പേർ (ക്രമനമ്പർ 5,6,8,9,11,12,14,16) വ്യാജസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നേടിയിട്ടില്ലായെങ്കിലും, വ്യാജസർട്ടിഫിക്കറ്റ് സമ്പാദിച്ച് സർവീസ് ബുക്കിൽ രേഖപ്പെടുത്തിയ കുറ്റത്തിന് അവർ ജോലി നോക്കിയിരുന്ന തസ്തികയിൽ ജൂനിയർ മോസ്റ്റാക്കിയും സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി പരിഗണിച്ചും, അനുവദനീയമായ ലീവ് സാലറി കഴിച്ചുള്ള ഉപജീവനബത്ത തിരിച്ചടയ്ക്കണമെന്നുള്ള വ്യവസ്ഥയിൽ തിരികെ സർവീസിൽ പ്രവേശിപ്പിച്ചിട്ടുള്ളതുമാണ്. ശ്രീ. പി.കെ. മോഹൻകുമാറിന്റെ പേരിലുള്ള അന്വേഷണത്തിൽ ടിയാന്റെ പേരിലുള്ള ചാർജ്ജ് തെളിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാനെ ക്രിമിനൽ കേസിന്റെ തീരുമാനത്തിന് വിധേയമായി തിരികെ സർവീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും ശ്രീ. പി. ജയറാം പരമേശ്വരന്റെ എൻക്വയറി കഴിഞ്ഞ് നടപടി നടന്നുവരികയുമാണെന്നും തിരുവിതാംകൂർ ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്. കൂടാതെ ടി 19 ജീവനക്കാരുടെ പേരിലും വിജിലൻസ് അന്വേഷണം നടത്തുന്നതിന് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് ഗവണ്മെന്റിൽ നിന്നും നിർദ്ദേശവും നല്കിയിട്ടുണ്ട്.

101 (1142) ശബരിമലയുടെ വികസനം

<u>ശ്രീ. എൻ. കണ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-നുശേഷം ശബരിമലയിൽ നടന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും എത്ര സംഖ്യ വീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly